DESPATCHED
On...18/06/2020

27/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1505(4)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.6573/SIC-Gen 2/2018**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഫസിലി പി.എസ്.,
തുണ്ടിയിൽ വീട്,
ആനക്കല്ല് പി.ഒ., എറികാട് ഭാഗം,
കാഞ്ഞിരപ്പള്ളി, കോട്ടയം ജില്ല. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ്,
കാഞ്ഞിരപ്പള്ളി, കോട്ടയം ജില്ല.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ
കാര്യാലയം,
കോട്ടയം ജില്ല. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 22.01.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | - |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | - |
| മറുപടി ലഭ്യമാക്കിയ തീയതി | 07.04.2018 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 22.06.2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 25.06.2018 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയായ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 22.01.2018ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ, പഞ്ചായത്ത് 5-ാം വാർഡിലെ എറികാട് കുടിവെള്ള പദ്ധതി സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് കൃത്യമായി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 17.10.19ൽ കോട്ടയം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ കമ്മീഷൻ ഹിയറിങ് നടത്തി. ഇരു കക്ഷികളും ഹിയറിങ്ങിൽ പങ്കെടുത്തു.

3. പല അഴിമതികളും നടക്കുന്ന പഞ്ചായത്താണ് ഒന്നാം എതിർകക്ഷിയുടെ ഓഫീസെന്നും, അതുകൊണ്ടാണ് താൻ ആവശ്യപ്പെട്ട വിവരങ്ങൾ കൃത്യമായി നൽകാതിരുന്നതെന്ന് അപ്പീൽ ഹർജിക്കാരൻ മൊഴി നൽകി. വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകി എന്ന ഒന്നാം എതിർകക്ഷിയുടെ വാദം ശരിയല്ലെന്നും, അതിന് തെളിവായി കാണിച്ചിട്ടുള്ള ഡസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് കൃത്രിമമായി സൃഷ്ടിച്ചിട്ടുള്ളതാണെന്നും ടിയാൻ തുടർന്ന് ആരോപിച്ചു.

4. കുടിവെള്ള പദ്ധതി സംബന്ധിച്ച ഫയൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലായിരുന്നുവെന്നും, അവിടെ നിന്ന് 18.02.18ലാണ് തിരിച്ചു കിട്ടിയതെന്നും, തുടർന്ന് 19.02.18ൽ അപേക്ഷകന് മറുപടി നൽകിയെന്നും ഒന്നാം എതിർകക്ഷി മൊഴി നൽകി. ഇതിന് ഉപോൽബലകമായി ഡസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും ഒന്നാം എതിർക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കി.

5. ഇരു കക്ഷികളുടെയും മൊഴികളും, അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷനു മുന്നിൽ ഹാജരാക്കിയ ഡസ്പാച്ച് രജിസ്റ്ററിന്റെ കോപ്പിയുടെ സത്യസന്ധത സംബന്ധിച്ച് കമ്മീഷനും സംശയമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അപ്പീൽ ഹർജിക്കാരന് അയച്ചുകൊടുത്തു എന്നു പറയുന്ന വിവരങ്ങൾ (രേഖകളുണ്ടെങ്കിൽ അവയും) പൂർണ്ണമായും സൗജന്യമായി ഈ ഉത്തരവ് ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ ടിയാന് രജിസ്റ്റേർഡ് തപാൽ മാർഗം അയച്ചുകൊടുക്കേണ്ടതും, ആ വിവരം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

2. അപ്പീൽ ഹർജിക്കാരൻ ആരോപിക്കുകയും, കമ്മീഷനു തന്നെ സംശയം തോന്നുകയും ചെയ്തതുകൊണ്ട്, ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ ഉത്തരവാദിത്വം സംബന്ധിച്ച് രണ്ടാം എതിർകക്ഷി അന്വേഷണം നടത്തി ഒരു മാസത്തിനുള്ളിൽ കമ്മീഷന് റിപ്പോർട്ട് നൽകേണ്ടതാണ്.

6. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 27-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★